"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മുട്ടിൽ ഗ്രാമപഞ്ചായത്ത് - 2007-08 വർഷ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക - 3-5 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.1105/13/തസ്വഭവ. തിരുവനന്തപുരം,തീയതി: 22/04/2013

പരാമർശം:- 1) മുട്ടിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 12/12/2011-ലെ എ 1-4708/10 നമ്പർ കത്ത്.
2) 04/03/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്.22439/പി.റ്റി3/2012 നമ്പർ കത്ത്.

## ഉത്തരവ്

വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5-ൽ തീറ്റപ്പുൽക്കൃഷി പ്രോൽസാഹന പദ്ധതി പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 88,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുകയും 12,000/- രൂപ തടസ്സപ്പെടുത്തുകയും ചെയ്തിരുന്നു.

മുട്ടിൽ ഗ്രാമപഞ്ചായത്തിൽ 2007-08 ജനകീയാസൂത്രണ പദ്ധതി പ്രകാരം വെറ്ററിനറി സർജനായിരുന്ന ശ്രീ. അനിൽകുമാർ. എസ്. 009/08 പ്രോജക്റ്റ് (തീറ്റപ്പുൽക്കൃഷി പ്രോൽസാഹനം) നടപ്പാക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ പ്രശംസനീയമായ തരത്തിൽ കൃത്യ നിർവ്വഹണം നടത്തുകയും ചെയ്യുന്നും ഏറെ ഫലപ്രദമായും ഗുണഭോക്താക്കൾക്ക് പ്രയോജന പ്രദമായും പ്രോജക്റ്റുകൾ നടപ്പാക്കി എന്നത് കണക്കിലെടുത്ത് 88,000/- രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്ന 23/11/2011-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 111(L) നമ്പർ തീരുമാനം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി

തുക ചെലവഴിച്ചതിനാലാണ് ചെലവ് തുക നിരാകരിച്ചതെന്നും ചെലവഴിക്കാത്ത 12,000/- രൂപ ജില്ലാ ട്രഷറിയിൽ 98/22-06-11 പ്രകാരം തിരിച്ചടച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുട്ടിൽ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5-ൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ, തീറ്റപ്പുൽക്കൃഷി പ്രോത്സാഹന പദ്ധതി പ്രകാരം ചെലവഴിച്ച 88,000/- രൂപ (എൺപത്തിയെട്ടായിരം രൂപ മാത്രം) യുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
സെക്രട്ടറി, മുട്ടിൽ ഗ്രാമപഞ്ചായത്ത്, വയനാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ